# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1674 03-10-2011 -ൽ മറുപടിക്ക്.

## മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| മദ്യത്തിന്റെ ലഭ്യത കുറച്ചു കൊണ്ടുവരുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2011-12 -ലെ പുതിയ മദ്യനയം. പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ അവ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. 31-03-2012 വരെ മാത്രമേ 3 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ നൽകുകയുള്ളൂ. 01-04-2012 മുതൽ 4 സ്റ്റാറും അതിനു മുകളിൽ പദവിയുള്ളതും, 2013-14 സാമ്പത്തിക വർഷം മുതൽ 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. 4 സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിച്ചു. ദു:ഖ വെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെയായും, കോർപ്പറേഷനുകളിൽ രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെയായും കുറയ്ക്കാനും, തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ